## മഞ്ഞനക്കാട്ട് ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണം

280(4912) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. അസറ്റ് ഡവലപ്പ്മെന്റ് സ്കീം പ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മഞ്ഞനക്കാട്ട് ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണത്തിന് കാലതാമസ്സം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണപ്രവൃത്തി സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് നിലവിലുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. എ.ഡി.എസ്. പ്രകാരമുള്ള പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കണമെന്ന നിർദ്ദേശം മേൽപ്രവൃത്തിയുടെ കാര്യത്തിൽ ലംഘിക്കപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുരോഗതി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) പാലം നിർമ്മാണത്തിനു വേണ്ടുന്ന ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പാലത്തിന്റെ രൂപകല്പന ലഭിച്ച ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

(ഡി&ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുരോഗതി റിപ്പോർട്ട് യഥാസമയം ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കൂട്ടനാട്ടിലെ സിവിൽ സ്റ്റേഷൻ അനക്സ് നിർമ്മാണം

281(4913) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂട്ടനാട്ടിലെ സിവിൽ സ്റ്റേഷൻ അനക്സ് കെട്ടിട നിർമ്മാണത്തിന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കരാറുകാർ ഏറ്റെടുത്ത എടത്വ സബ്ട്രഷറി കെട്ടിടം നാളിതുവരെ പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് കാലാവധി നീട്ടി നൽകിയിട്ടുണ്ടോ?

ഉത്തരം

(എ&ബി) വിശദമായ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിക്കുള്ള ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുവാൻ ആലപ്പുഴ കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി&ഡി) എടത്വ സബ് ട്രഷറി കെട്ടിടത്തിന്റെ സ്ഥലം സംബന്ധിച്ച് കേസ് ആലപ്പുഴ മുൻസിഫ് കോടതിയിൽ നിലവിലുള്ളതിനാൽ പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ടി പ്രവൃത്തിക്ക് കാലാവട്ടി നീട്ടി നൽകിയിട്ടില്ല.

**അഴീക്കൽകടവ്, പെരിഞ്ഞേരിക്കടവ് പാലങ്ങൾ**

282(4914) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽകടവ് പെരിഞ്ഞേരിക്കടവ് പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തികൾ ഏതുഘട്ടംവരെയെത്തി എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അഴീക്കൽകടവ് പാലത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ റഗുലേറ്റർ കം ബ്രിഡ്ജിന് വേണ്ടിയുള്ള പദ്ധതി ടി സ്ഥലത്ത് ഉള്ളതിനാൽ നിർദ്ദിഷ്ട പെരിഞ്ഞേരിക്കടവ് പാലത്തിനുള്ള നടപടി ക്രമങ്ങൾ നിർത്തി വച്ചിരിക്കുകയാണ്.

(ബി) പാലത്തിന്റെ ഡിസൈൻ തയ്യാറാക്കി വരുന്നു. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ അഴീക്കൽകടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly